# പ്രതിഷേധക്കുറിപ്പ്

2024 ജൂൺ ഒമ്പതാം തീയതി മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിലും എറണാകുളം അങ്കമാലി അതിരൂപത അഡ്മിനിസ്ട്രേറ്റർ മാർ ബോസ്ക്കോ പുത്തൂരും ചേർന്ന് വിശുദ്ധ കുർബാന അർപ്പണ രീതിയുമായി ബന്ധപ്പെട്ട് എറണാകുളം അങ്കമാലി അതിരൂപതയിലെ വൈദികർക്കും സന്യസ്ഥർക്കും വിശ്വാസികൾക്കും എതിരെ പുറപ്പെടുവിച്ച സർക്കുലറിനെതിരെയുള്ള ഇരിങ്ങാലക്കുട രൂപത വൈദികരുടെ പ്രതിഷേധം.

സീറോ മലബാർ സഭ അതിന്റെ ചരിത്രത്തിലേക്ക് നോക്കിയാൽ വളരെയേറെ ത്യാഗങ്ങളും പീഡനങ്ങളും ഏറ്റുവാങ്ങി വളർന്നുവന്ന സഭയാണ്. ലോകത്തിലെ തന്നെ പൗരസ്ത്യ സഭകളിൽ രണ്ടാം സ്ഥാനം അലങ്കരിക്കുക്കയും കത്തോലിക്കാ സഭയുടെ മുന്നിൽ സജീവമായ പ്രേഷിത ചൈതന്യം നിലനിർത്തുകയും ചെയ്ത നമ്മുടെ സഭ ഇന്ന് വളരെ ദുർബലവും മറ്റ് മതസ്ഥരുടെയും ഒപ്പം മറ്റു സഭാ വിശ്വാസികളുടെയും മുൻപിൽ അവഹേളിതയാകാൻ കാരണമെന്ത് ?

1877ൽ ലിയോ 13ാമൻ മാർപാപ്പ കോട്ടയത്തും തൃശ്ശൂരും രണ്ട് വികാരിയാത്തുകൾ സ്ഥാപിച്ചു. സ്വന്തം നാട്ടുകാരായ മെത്രാന്മാരെ ലഭിക്കുന്നതിനുള്ള സീറോ മലബാർ ക്രിസ്ത്യാനികളുടെ നിരന്തരമായുള്ള ആവശ്യം പരിഗണിച്ച് നിലവിലിരുന്ന വികാരിയാത്തുകളെ തൃശ്ശൂർ, ചങ്ങനാശ്ശേരി, എറണാകുളം എന്നിങ്ങനെ മൂന്നായി പുന:ക്രമീകരിച്ചു കൊണ്ട് റോമിൽ നിന്നും 1896 ജൂലൈ 28ാം തിയതി പ്രഖ്യാപനമുണ്ടായി. ഈ കാലഘട്ടം മുതൽ ചങ്ങനാശ്ശേരി ലോബി എറണാകുളം വിഭാഗത്തെ തളർത്താനും തകർക്കാനും ചങ്ങനാശേരി കൽദായ മേൽക്കോയ്മ സ്ഥാപിക്കാനും കുതന്ത്രങ്ങൾ മെനയുകയായിരുന്നു. 1999ൽ വിശുദ്ധ കുർബാന അർപ്പണത്തിൽ 50:50 എന്ന ഏകീകൃത രൂപം വന്നപ്പോൾ ഇന്നത്തെ ചങ്ങനാശ്ശേരി ലോബികൾക്ക് നേതൃത്വം നൽകുന്നവരുടെ അന്നത്തെ ലജ്ജാവഹമായ പ്രതിഷേധവും പ്രകടനങ്ങളും മാധ്യമങ്ങളിലൂടെ ഈ കാലഘട്ടങ്ങളിൽ പുറംലോകം അറിഞ്ഞിട്ടുള്ളതാണ്.

സീറോ മലബാർ സഭ മെത്രാപ്പോലീത്തൻ സഭയായിരുന്ന കാലത്ത് റോമിൽ നിന്ന് നേരിട്ട് മെത്രാന്മാരെ നിയമിക്കുകയും ആരാധനക്രമം വേണ്ടത്ര പഠനങ്ങളോടുകൂടെ നടപ്പിലാക്കുകയും ചെയ്തിരുന്നപ്പോൾ സഭ സമാധാനപരമായി ശാന്തതയോടെ ഒഴുകുന്ന ഒരു പുഴ പോലെയായിരുന്നു. എന്നാൽ നമ്മുടെ സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തുകയും മേജർ ആർച്ച് ബിഷപ്പിനെ സീറോ മലബാർ സഭയിലെ മെത്രാന്മാർ തെരഞ്ഞെടുത്ത്

റോമിൽ നിന്ന് അംഗീകാരം നേടുന്ന രീതിയിൽ സ്വയാധികാര സഭയായി തീർന്നതിനുശേഷം വിശുദ്ധിയും വിവേകവും വിജ്ഞാനവുമില്ലാത്തതും അതേസമയം ചങ്ങനാശ്ശേരി ലോബിയുടെ കൽദായ ആരാധനാക്രമ സംബന്ധമായ സ്ഥാപിത താല്പര്യങ്ങൾ നടപ്പിലാക്കുന്നതിന് ഏറാൻ മൂളികളായി നിലനിൽക്കുന്നതും തങ്ങളോട് പക്ഷംചേരുന്നതുമായ മെത്രാന്മാരെ തെരഞ്ഞെടുക്കാൻ തുടങ്ങിയപ്പോൾ മുതൽ സീറോ മലബാർ സഭയിൽ പ്രശ്നങ്ങൾ ആരംഭിച്ചു.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചൈതന്യത്തോടുകൂടിയ എറണാകുളത്തിന്റെ മഹത്തായ പാരമ്പര്യം നിലനിർത്താൻ വേണ്ടി നിലകൊണ്ട വിശുദ്ധിയും ജ്ഞാനവും വിവേകവുമുള്ള മെത്രാന്മാർ ഉണ്ടായിരുന്നപ്പോൾ അവരുടെ സമയോചിതമായ നിലപാടുകൾ 1999ൽ ഉടലെടുക്കാമായിരുന്ന പ്രശ്നങ്ങളെ ശാന്തമാക്കി. എന്നാൽ അധികാരത്തിന്റെ അപ്പക്കഷണങ്ങൾക്കുവേണ്ടി തങ്ങളുടെ ഏത് ബോധ്യങ്ങളെയും മാറ്റിപ്പറയാനും ചങ്ങനാശ്ശേരി ലോബികളുടെ വെറും പാവകളായി അവരുടെ ഒത്താശയോടു കൂടെ തെരഞ്ഞെടുത്ത മെത്രാന്മാർ അവർക്കുവേണ്ടി നിലകൊള്ളാൻ തുടങ്ങിയത് മുതൽ സഭ ജീർണിക്കാൻ തുടങ്ങി. വൈദികരോടും വിശ്വാസികളോടും സംവദിക്കാനും അവരുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകാനും നട്ടെല്ലിന് ഉറപ്പില്ലാത്ത സീറോ മലബാർ സഭയിലെ ഇന്നത്തെ മെത്രാന്മാരുടെ സാന്നിധ്യം സഭയെ തളർത്തി.

എറണാകുളം അങ്കമാലി അതിരൂപതയ്ക്ക് എതിരെ സർക്കുലർ ഇറക്കി ആറര ലക്ഷം വരുന്ന വിശ്വാസികളെയും 400ലധികം വരുന്ന വൈദികരെയും വിശുദ്ധ കുർബാനയിലെ വളരെ അപ്രസക്തമായ ഒരു അനുഷ്ഠാനത്തിന്റെ പേരിൽ പൗരസ്ത്യ സഭ നിയമസംഹിതയിൽ ഇല്ലാത്ത സ്വാഭാവിക മഹറോൻ ശിക്ഷയും ശീശ്മയും അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നത് തികച്ചും അപലപനീയവും നിന്ദ്യവും പൈശാചികവും ആണ്. ഇരിങ്ങാലക്കുട രൂപതയിലെ വൈദിക സമൂഹം ഈ നടപടിയെ വളരെ ശക്തമായി അപലപിക്കുകയും പ്രതിഷേധിക്കുകയും ചെയ്യുന്നു. എറണാകുളം അങ്കമാലി അതിരൂപതയിലെ വൈദികരോടും സമർപ്പിതരോടും വിശ്വാസികളോടും ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട്....

20-6-2024 ഇരിങ്ങാലക്കുട രൂപത വൈദിക സമൂഹം

Fr. Eldhu Kavalakat

Fr. George Mangalan

20/6/24

1 Fr. George Mangalay [signature]

2 FR. Johny Menachery [signature]

3 FR THOMAS PODUSSERY [signature]

4. Fr. Sebastian Ezhakadan. [signature]

5. Fr. John Pulikkottil [signature]

6. Fr. Davis Kallingal [signature]

7. Fr. Jaison Kudiyirikkal [signature]

8. Fr. TOM MALIAKKAL [signature]

9. Fr. Benny Areekkaliyil [signature]

10 Fr. Joy Kadambat [signature]

11 Fr. George Vezhaparambil [signature]

12. Fr Raphael Parappikaran [signature]

13. Fr. Jino Thekkiniyath [signature]

14. Fr. Febin Kodiyan [signature]

15. Fr. Siju Kallaparambil [signature]

16. Fr. Jeo Kaitharath [signature]

17. Fr Shaju Kachappilly [signature]

18. Fr. Thomas Koottala [signature]

19. Dr. Charles C [signature]

20. Fr. Dolphin Kattuparambil [signature]

21. Fr. Colin Attokkaran [signature]

22. Fr. Firoz Panikulangara [signature]

23. Fr. Sojo Kannampuzha [signature]

24. Fr. Franson Thanadan [signature]

25 Fr. Tony Porekkadan [signature]

26 Fr. Lijo Kalaparambil [signature]

(2)

27) Fr. Ashil Kaitharan

28 Fr. JOJY MENOTH

29 Fr. Akhil Vadakkan

30. Fr. Dibin Aynikkal

31 Fr. Joseph Cheruvathoor

32 Fr. Wilson Pereppadan

33 Fr. SEBIN EDATTUKARAN

34 Fr. John Karakkat

35. Fr. Paully Padayatty

36. Fr. Jiji Kunnel.

37 Fr. Francis Kodiyan

38. Fr. Rinto Kodiyan

39 Fr. Jinoj Kolenchery

40. Fr. Jinu Vennattuparambil

41. Fr. Jijo Menoth

42. Fr. Jeeson Kattookaran

43. Fr. Benny Cheeran

44. Fr. Davis Koottala

45 Fr. Joshi Paliakkara

46. Fr. Johnson Thevarpeedikayil

47. Fr. John Thekkekara

48. Fr. Anto Karippai

49. Fr. Jose Pullupparamban

50. Fr. SANESH THEKKETHALA
51. Fr. Sherans Elamthuruthy
52. Fr. Melwin Pereppadan
53. Fr. Jijo Chakkiath
54 Fr. Binesh Kottakkal
55 Fr. Kins Elamkunnapuzha
56. Fr. Anto Vattoly
57 Fr. Thomas Alukka
58 Fr. Samson Elavathingal
59 Fr. JOBY MENOTH

60. Fr. Jose Palatty
61. Fr. Joseph Gopuram
62. Fr Jose Arikkatt
63. Fr. Linto Thaliyanayath
64. Fr. Vimal Pengiparambil
55. Fr. Linto Panankulam
66. Fr. Tom Vadakkan
67 Fr. Alex Kallely
58 Fr. Antony Mukkatt

69 Fr. Nivin Kollamvalappil

70 Fr. James Athiyunthan

71 Fr. Albin Punnaliparambil

72 Fr Samson Eluvathingal

73. Fr Anto Karippai

74. Fr. Jojo Antony Thoduparambil

75. Fr. [illegible]

76 Fr. Jose Vethamattil

77 Fr. Tijo Alappatt

78 Fr. Arun Thekkiniyath

79. Fr AKHIL VADAKKAN

89. Fr. Franco Parappilly

81. Fr. Sinto [illegible]

82. Fr. Sinto Alappat

83. Fr. Jomin Cheraday

84 Fr. Daison Kavalakkat

85. Fr. Rees Vadassery

86. Fr. Anoop Kokkanny

87. Fr. Jose Panthalookaran